"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ഔഷധി - GeM Portal മുഖേന 21 ലക്ഷം രൂപ ചെലവിൽ ഔഷധിയുടെ തനത് ഫണ്ട് ഉപയോഗിച്ച് ഒരു പുതിയ വാണിജ്യ വാഹനം വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (എ) വകുപ്പ്

സ.ഉ.(കൈ) നം.13/2025/AYUSH തീയതി,തിരുവനന്തപുരം, 05-07-2025

പരാമർശം:- ഔഷധി മാനേജിംഗ് ഡയറക്ടറുടെ 23.09.2024, 26.03.2025 എന്നീ തീയതികളിലെ ലെ ഇ4-76/23 നമ്പർ കത്തുകൾ

ഉത്തരവ്

ഔഷധിക്ക് മരുന്നു വിതരണം യഥാസമയം നടത്തേണ്ടതിനാൽ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ KL08 AN 2683 വാണിജ്യ വാഹനം മാറ്റി, പകരം 7000 Kg കപ്പാസിറ്റിയുള്ള പുതിയ ഒരു വാണിജ്യ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്തുകൾ പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔഷധിയുടെ ബിസിനസ്സ് ആവശ്യത്തിനായി രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാണിജ്യവാഹനം മാറ്റി, പകരം 7000 Kg കപ്പാസിറ്റിയുള്ള ഒരു പുതിയ വാണിജ്യ വാഹനം 21 ലക്ഷം രൂപ ചെലവിൽ ഔഷധിയുടെ തനത് ഫണ്ട് ഉപയോഗിച്ച് GeM Portal മുഖേന വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഔഷധി, കുട്ടനെല്ലൂർ, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (02.07.2025 ലെ ഇനം നം 3097)
ധനകാര്യ വകുപ്പ് (2607402/PU-B2/86/2023-FIN dated 10.03.2025)
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 07-07-2025 11:34:37

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പി എസിന്

ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പിഎസിന്

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 02-07-2025

ഫയൽ നം. എ2/189/2023/ആയുഷ്. ഇനം നം: 3097

വിഷയം : ആയുഷ് വകുപ്പ് - ഔഷധിയുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാണിജ്യ വാഹനം മാറ്റി, പകരം 7000Kg കപ്പാസിറ്റിയുള്ള പുതിയ ഒരു വാണിജ്യ വാഹനം ബിസിനസ്സ് ആവശ്യത്തിനായി തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

3097

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ഫയൽ നമ്പർ	എ 2/189/2023-ആയുഷ്
2. വകുപ്പ്	ആയുഷ് (എ) വകുപ്പ്
3. വിഷയം	ആയുഷ് വകുപ്പ്-ഔഷധിയുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാണിജ്യ വാഹനം മാറ്റി, പകരം 7000Kg കപ്പാസിറ്റിയുള്ള പുതിയ ഒരു വാണിജ്യ വാഹനം ബിസിനസ് ആവശ്യത്തിനായി തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള അനുമതി നൽകുന്നത്-സംബന്ധിച്ച്
4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	31.05.2025
5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?	അതെ
ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	ഉണ്ട്.
6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	ഇല്ല. ഇല്ല
7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്	ശ്രീമതി സീമ എസ്.
8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്	ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ
9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	12.06.2025
10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	ഡോ. എ. ജയതിലക്
11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	13.06.2025
12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	ശ്രീമതി വീണാ ജോർജ്
13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	25.06.2025
14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	27.06.2025
15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	
16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഔഷധിയുടെ ബിസിനസ് ആവശ്യത്തിനായി രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാണിജ്യ വാഹനം മാറ്റി, പകരം 7000 Kg കപ്പാസിറ്റിയുള്ള പുതിയ ഒരു വാണിജ്യ വാഹനം തനതുഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള അനുമതി നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. ഔഷധിയിൽ മരുന്നുവിതരണത്തിനായി ഉപയോഗിച്ചുവരുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി പൂർത്തിയായതിനാൽ പുതിയ ഒരു വാണിജ്യവാഹനം വാങ്ങുന്നതിന് 16.02.2023 ൽ കൂടിയ ഭരണസമിതിയോഗം തീരുമാനിക്കുകയുണ്ടായെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. 15 വർഷം പൂർത്തിയായ LMV- Good Carriage വിഭാഗത്തിൽപ്പെടുന്ന വാഹനത്തിന് പകരമായി 7000 kg Goods carriage വാണിജ്യവാഹനം, GeM Portal മുഖേന വാങ്ങുന്നതിന് ഉദ്ദേശം 21 ലക്ഷം രൂപ ചെലവുവരുമെന്നും, ഇതിനുള്ള ചെലവ് ഔഷധിയുടെ ഫണ്ടിൽ നിന്നുതന്നെ വഹിക്കുവാൻ കഴിയുമെന്നതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ലെന്നും, ആയതിനാൽ പുതിയ വാണിജ്യവാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"ഔഷധിയുടെ ബിസിനസ് ആവശ്യത്തിന് ഉപയോഗിക്കുന്ന വാഹനം 15 വർഷം കഴിഞ്ഞതിനാൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭരണവകുപ്പ് ശുപാർശ ചെയ്തിട്ടുള്ള പ്രകാരം 7000 Kg കപ്പാസിറ്റിയുള്ള Goods Carriage ശേഷിയുള്ള ഒരു പുതിയ വാണിജ്യ വാഹനം GeM Portal മുഖേന 21 ലക്ഷം രൂപ ചെലവിൽ ഔഷധിയുടെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു. എന്നാൽ ഇപ്പോൾ ശുപാർശ ചെയ്തിരിക്കുന്ന വാഹനം മുൻപ് ഉപയോഗിച്ചിരുന്ന വാഹനത്തേക്കാൾ ഉയർന്ന ക്ലാസ്സിലുള്ളതാണ് എന്ന വസ്തുത ഭരണ വകുപ്പ് പരിശോധിക്കണമെന്നും

പ്രസ്തുത ഉയർന്ന ക്ലാസിലുള്ള വാഹനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടതിനുശേഷം മാത്രമേ ഉയർന്ന ക്ലാസ്സിലുള്ള വാഹനം വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കാവൂ എന്നും അറിയിക്കുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

4. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ക്ലാസ്സിലുള്ള വാഹനത്തിന്റെ ആവശ്യകതയിന്മേൽ ഔഷധി മാനേജിംഗ് ഡയറകടർ

സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ആയിരത്തോളം വരുന്ന സർക്കാർ ആയുർവേദ ഡിസ്പെൻസറികളിലേക്കും, ആശുപത്രികളിലേക്കും, സ്ഥാപനത്തിന്റെ 650 ഓളം വരുന്ന ഡീലർമാർക്കുള്ള മരുന്ന വിതരണം യഥാസമയം ഔഷധിക്ക് നടത്തേണ്ടതായിട്ടുണ്ടെന്നും മരുന്നുവിതരണത്തിനായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ നിലവിൽ അഞ്ചു ചരക്കു വാഹനങ്ങളാണുള്ളതെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മരുന്ന വിതരണത്തിനായി ഉപയോഗിച്ചിരുന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി പൂർത്തിയായിട്ടുള്ളതിനാൽ മരുന്ന വിതരണത്തിന് രണ്ടു വാഹനങ്ങളുടെ കുറവുണ്ടെന്നും മരുന്നുവിതരണം കാര്യക്ഷമമായി നടക്കുന്നതിനായി പുതുതായി 11000kg വരെ ആകെ ഭാരം വരുന്ന, 7000kg Goods Carriage ശേഷിയുള്ള വാണിജ്യ വാഹനം ആവശ്യമാണെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ KL-08 AN 2683 വാണിജ്യവാഹനം മാറ്റി പകരം 7000kg കപ്പാസിറ്റിയുള്ള പുതിയ വാണിജ്യ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

5. ധനകാര്യവകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് 7000 Kgകപ്പാസിറ്റിയുള്ള Goods Carriageശേഷിയുള്ള ഒരു പുതിയ വാണിജ്യ വാഹനം GeM Portal മുഖേന 21 ലക്ഷം രൂപ ചെലവിൽ ഔഷധിയുടെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകാമോയെന്നതിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി

തീരുമാനിക്കേണ്ട വിഷയം

ഔഷധിയുടെ ബിസിനസ് ആവശ്യത്തിന് ഉപയോഗിക്കുന്ന വാഹനം 15 വർഷം കഴിഞ്ഞതിനാൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 7000 Kg കപ്പാസിറ്റിയുള്ള Goods Carriage ശേഷിയുള്ള ഒരു പുതിയ വാണിജ്യ വാഹനം GeM Portal മുഖേന 21 ലക്ഷം രൂപ ചെലവിൽ ഔഷധിയുടെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകാമോ?